**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** — **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനികീകരണവും പ്രൊഫഷണലിസവും നടപ്പാക്കി വാണിജ്യ ബാങ്കുകളെക്കാൾ മികച്ച സേവനം നൽകുന്നതിന് പ്രാപ്തരാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | **I. ഏകീകൃത സോഫ്റ്റ് വെയർ**<br><br>സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. 12.05.2022ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>**ii. സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം**<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ |

തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളു CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

### III. **കേരളാ ബാങ്ക്**

ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ന്യൂ ജനറേഷൻ ബാങ്കാക്കി KSCB യെ മാറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായ CBS സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

### **iV. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്**

ആധുനികവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിനെയും പ്രാഥമിക ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കോർബാങ്കിംഗ് സംവിധാനം (CBS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നടന്നുവരികയാണ്. ഇതിലൂടെ മെച്ചപ്പെട്ടതും വളരെ വേഗത്തിലുമുള്ള വായ്പാ വിതരണവും വായ്പാ തിരിച്ചടവിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതാണ്. കൂടാതെ SMS, E-MAIL, WHATSAPP ലൂടെയും ലോണുകളുടെയും തിരിച്ചടവുകളുടെയും വിശദവിവരങ്ങൾ ലഭ്യമാകുന്നതാണ്.

### **V. യുവജന സഹകരണ സംഘങ്ങൾ**

സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

## Vi. കലാകാരൻമാരുടെ സഹകരണസംഘം

സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരൻമാരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് കലാകാരൻമാർക്ക് സ്ഥിരം വേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശത്തോടെയാണ കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിച്ചിട്ടുള്ളത്. കോട്ടയമാണ് സംഘത്തിന്റെ ആസ്ഥാനം. സർക്കാരിന്റെ രണ്ടാം ഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് കലാകാരൻമാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## Vii. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പിലാക്കുക, വാർദ്ധക്യത്തെയും, രോഗത്തേയും അഭിമുഖീകരിക്കുന്നവർ പ്രത്യേകിച്ച് കിടപ്പിലായ ആശ്രയമില്ലാതെ കഴിയുന്നവർക്ക് (ബന്ധുമിത്രാദികൾ അടുത്തില്ലാതെ) ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുക, സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്.

## Viii. CAPE - ആസ്ഥാന മന്ദിരം ഉദ്ഘാടനം

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ ആസ്ഥാന മന്ദിരം മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

## iX. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) – നൈപുണ്യ വികസന പരിശീലനകേന്ദ്രം

കേപ്പിന്റെ കീഴിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

## X. അക്ഷരം മ്യൂസിയം

| | | | | |
|---|---|---|---|---|
| | | | | സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ അക്ഷര മ്യൂസിയം. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിലൂടെ കേരളത്തിന്റെ ചരിത്രത്തെയും മലയാളത്തിലെ എഴുത്തുകാരെയും കൃതികളെയും ഉൾപ്പെടുത്തിയിട്ടുള്ള നിരവധി സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.<br><br>**<u>പദ്ധതികൾ</u>**<br><br>സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും, സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും, എൻ.സി.ഡി.സി പദ്ധതി ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെട ആകെ 19623.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള പ്രവർത്തനം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പു വരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്. |
| (സി) | സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ സുതാര്യത ഉറപ്പാക്കി ജനവിശ്വാസം ഊട്ടിയുറപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്,<br><br>**1. <u>Co-operative Audit Monitoring & Information System (CAMIS)</u>**<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്റ്റിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **<u>www.camis.kerala.gov.in</u>** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>**2. <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ</u>**<br><br>സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് |

| | | | |
|---|---|---|---|
| | | | ഇടപാടുകളിൽ സുതാര്യത ഉറപ്പ വരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്.<br><br>12.05.2022 ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ച വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ